മീഡിയം, ലിഫ്റ്റ്, ഒമെനർ ഇറിഗേഷൻ ജോലികൾ

* 794. [11] ശ്രീ. എം. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം മീഡിയം, ലിഫ്റ്റ്, ഒമെനർ ഇറിഗേഷൻ ജോലികൾക്കായി നീക്കിവച്ചിട്ടുള്ള തുക എത്ര;

(ബി) ചെങ്ങന്നൂർ ഇറിഗേഷൻ ഡിവിഷനിൽപ്പെട്ട കടുത്തുരുത്തി-ചുള്ളിത്തോട്, മുളക്കുളം-സൗത്ത് ലിഫ്റ്റ് ഇറിഗേഷൻ ഇവയുടെ പണികൾ എന്നത്തേക്ക് പൂർത്തിയാകും ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) മീഡിയം ഇറിഗേഷൻ 44·24 ലക്ഷം രൂപ.
ലിഫ്റ്റ് ഇറിഗേഷൻ 20·88 ലക്ഷം രൂപ.
ഒമെനർ ഇറിഗേഷൻ 58·98 ലക്ഷം രൂപ.

(ബി) കടുത്തുരുത്തി—ചുള്ളിത്തോടിന്റെ ജോലികളുടെ ടെണ്ടർ 16-1-1964-ൽ പരസ്യം ചെയ്തു. കോൺട്രാക്റ്റ് കൊടുത്തു ആറുമാസത്തിനകം ടി സ്കീമിന്റെ പണി പൂർത്തിയാക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. മുളക്കുളം സൗത്ത് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുതുക്കിയ എസ്റ്റിമേറ്റ് ഇപ്പോഴും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണു്. എസ്റ്റിമേറിനു് അനുവാദം കൊടുത്തു. ആറുമാസത്തിനകം ഈ സ്കീമിന്റെ ജോലിയും പൂർത്തിയാക്കാമെന്നാണു് പ്രതീക്ഷ.

ശ്രീ. എം. സി. എബ്രഹാം: ഈ രണ്ടു ജോലികളുടെയും എസ്റ്റിമേറ്റ് തുക എന്താണെന്നു പറയാമോ ? പണി ആരംഭിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ്: ഓരോ വർക്കിന്റെയും എസ്റ്റിമേറ്റ് തുക എന്താണെന്നു് ഇപ്പോഴം പറയുവാൻ നിവൃത്തിയില്ല. കരെണ്ണത്തിന്റെ പണി കഴിയുന്നതും ഈ സീസണിൽ തന്നെ ആരംഭിക്കുന്നതാണു്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ഓടച്ചിറ എന്ന സ്ഥലത്തു് എട്ടു ലക്ഷം രൂപാ എസ്റ്റിമേറ്റ് തയാറാക്കി ഇറിഗേഷൻ വക്കിനുവേണ്ടി കഴിഞ്ഞ നാലു കൊല്ലമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടും ഇതുവരെ യാതൊരു പണിയും ആരംഭിച്ചിട്ടില്ല. അതിനു പ്രത്യേക വല്ല കാരണവുമുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ്: ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാലേ ഓരോ പ്രത്യേക വർക്കിനെപ്പറ്റിയുള്ള വിവരവും പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. വി. വാസു : പഞ്ചായത്തിനു മൈനർ ഇറിഗേഷൻ വർക്കിനു 500 രൂപ വരെ അനുവദിക്കാമെന്നു നോട്ടീസ് കൊടുത്തിട്ടുണ്ടു്. അതുകൂടെ സംബന്ധിച്ചാണു് പറഞ്ഞതിരിക്കുന്നതു്. ചില സ്ഥലങ്ങളിൽ ചെറുതോടുകളിൽനിന്നും വെള്ളം എടുക്കുന്നതിലേക്കും അണകെട്ടു കെട്ടേണ്ടതായിവരും. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ജൂനിയർ ഇൻജിനീയറന്മാർ എസ്റ്റിമേറ്റ് തയാറാക്കിയിരിക്കണമെന്നു കളക്ടറേറ്റിനു് നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ഈ. പി. പൗലോസ് : ഈ നിർദ്ദേശം പരിശോധിക്കാം.

എൻജിനീയർമാരുടെ ശമ്പളസ്കെയിൽ

* 795. [12] ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യ ഒട്ടാകെയുള്ള എൻജിനിയർമാരുടെ ശമ്പളസ്കെയിൽ ഏകീകരിക്കാനുള്ള കേന്ദ്രജലസേചനവകുപ്പുമന്ത്രിയുടെ നിർദ്ദേശത്തെപ്പറ്റി കേന്ദ്രഗവണ്മെന്റിൽനിന്നു് ഈ ഗവണ്മെന്റിനു് വല്ല വിവരവും ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly